(ബി) ഇതിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും എത്ര കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര കേസ്സുകൾ തീർപ്പായിട്ടുണ്ട് എന്നും അവയിൽ എത്ര കേസ്സുകളിൽ പ്രതികൾക്ക് ശിക്ഷലഭിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ--സി) വിവരം ശേഖരിച്ചു വരുന്നു.

ന്യൂനപക്ഷ സ്ഥാപനങ്ങൾക്കും പുരോഹിതന്മാർക്കും എതിരെ ഉണ്ടായ ആക്രമണം

35. [35] ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ ഇരിക്കുമ്പോൾ ന്യൂനപക്ഷ സ്ഥാപനങ്ങൾക്കും പുരോഹിതന്മാർക്കും എതിരെ മാർക്സിസ്റ്റ് പാർട്ടിയുടെയും അതിന്റെ പോഷക സംഘടനകളുടെയും സംഘടിത ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ആക്രമണങ്ങളുണ്ടായി; എവിടെയെല്ലാം; ആർക്കെല്ലാം എതിരെയാണ് ഈ ആക്രമണങ്ങളുണ്ടായത്;

(സി) ഇതുമൂലം എന്തെല്ലാം നാശനഷ്ടങ്ങളുണ്ടായി; എന്തു തുകയ്ക്കുള്ള നഷ്ടം ഇതുമൂലമുണ്ടായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ--സി) വിവരം ശേഖരിച്ചു വരുന്നു.

പെൺവാണിഭ കേസ്സുകളുടെ അന്വേഷണം

36. [36] ശ്രീ. പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം പെൺവാണിഭ കേസ്സുകളിലാണ് അന്വേഷണം നടത്തുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഓരോ കേസിന്റെയും അന്വേഷണ പുരോഗതി വെളിപ്പെടുത്തുമോ;

(സി) ഓരോ കേസ്സിലും ഇതിനകം കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്.

(ഡി) ഏതെല്ലാം കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സി. ബി. ഐ. അന്വേഷിക്കുന്ന കുമരകം പി. എസ്. ക്രൈം 18804 ഉൾപ്പെടെ പതിനൊന്ന് കേസ്സുകളിൽ ഇപ്പോൾ അന്വേഷണം നടക്കുന്നു. തൊപ്പുംപടി പോലീസ് സ്റ്റേഷൻ ക്രൈം 206/02 കേസ് അന്വേഷണം പൂർത്തിയാക്കിയെങ്കിലും ഹൈക്കോടതിയുടെ ഉത്തരവുള്ളതിനാൽ കുറ്റപത്രം ഹാജരാക്കിയിട്ടില്ല.

(ബി, സി) ഓരോ കേസിന്റെയും വിവരങ്ങൾ അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.†

(ഡി) അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുള്ള കേസുകളുടെ വിശദവിവരം അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.††

ആദിവാസി/ദളിത് വിഭാഗങ്ങൾക്ക് നേരെയുള്ള കടന്നാക്രമണം

37. [37] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആദിവാസി/ദളിത് വിഭാഗങ്ങൾക്കു നേരെയുള്ള കടന്നാക്രമണം സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിഭാഗം തിരിച്ച് വ്യക്തമാക്കുമോ;

(ബി) എത്ര കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്;

(സി) എത്ര കേസ്സുകൾ തീർപ്പായിട്ടുണ്ട്; അവയിൽ എത്ര കേസ്സുകളിൽ പ്രതികൾക്ക് ശിക്ഷ ലഭിച്ചിട്ടുണ്ട്?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു വരുന്നു.

സ്ത്രീകളുടെയും കുട്ടികളുടെയും കൊലപാതകം

38. [38] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ സംസ്ഥാനത്ത് എത്ര സ്ത്രീകളും കുട്ടികളും കൊല ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) കൊല ചെയ്യപ്പെട്ട സ്ത്രീകളിലും കുട്ടികളിലും പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ടവരെത്ര;

---

†, †† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly